പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6510 08.11.2016 - ൽ മറുപടിയ്ക്ക്

**അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് നടപടി**

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല:

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി )

(എ) കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളുടെ കാമ്പസുകളിൽ ഇപ്പോഴും അക്കേഷ്യ മരങ്ങൾ വളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തൃശ്ശൂർ, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളുടെ കാമ്പസുകളിൽ അക്കേഷ്യ മരങ്ങൾ ഉണ്ട്.

(ബി) അക്കേഷ്യ മരങ്ങൾ വൻതോതിൽ ജലം വലിച്ചെടുക്കുന്നതും ആസ്ത്മ പോലുള്ള അലർജി രോഗങ്ങൾക്ക് കാരണമാകുമെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്

(സി) എങ്കിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് കാരണമാകുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) പരിശോധിക്കാവുന്നതാണ്

(ഡി) അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ മെഡിക്കൽ കോളേജ് കാമ്പസുകളിൽ നട്ടു വളർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(ഡി) പരിഗണിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ